LIBRARY ARCHIVES Kerala Legislative Assembly

പുതിയ റേഷൻ കടകൾ

188(3071) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നിലവിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി സമീപസ്ഥമായ കടകളിലെ കാർഡുകളുടെ എണ്ണം 400-ൽ കുറയാതെ പുതിയതായി തുടങ്ങുന്ന കടയ്ക്ക് കുറഞ്ഞത് 400 കാർഡ് ലഭിക്കേണ്ടതാണ്. എന്നാൽ തീരെ ഗതാഗത സൗകര്യമില്ലാത്തിടത്തും, പട്ടികവർഗ്ഗ മേഖലകളിലും ആവശ്യമായ ഇളവുകൾ നൽകി പുതിയ കടകൾ അനുവദിക്കുന്നുണ്ട്.

(ബി) പൊതുവിതരണ ശൃംഖല എല്ലാ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി വിലക്കയറ്റം നിയന്ത്രിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.

(സി) പുതിയ റേഷൻ കട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള റേഷനിംഗ് ഓർഡറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ റേഷൻ കടകൾ അനുവദിച്ച് നൽകുന്നു.

പുതിയ റേഷൻ ഷോപ്പ്

189(3072) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പഞ്ചായത്തിലെ ചേരിയത്ത് പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനസാന്ദ്രത വളരെ കൂടുതലുള്ള ചേരിയത്ത് ഒരു പുതിയ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?